പ്രകാരവും വില്പന നികുതി നിയമത്തിലെ 10-ാം വകുപ്പ് പ്രകാരം നോട്ടിഫിക്കേഷൻ വഴിയും ആണ് നികുതിയിളവ് നൽകാറുള്ളത്. അത് പ്രകാരം വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം നികുതിയിളവിനുള്ള സർട്ടിഫിക്കറ്റ് നൽക്കേണ്ടത് ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നുമാണ്. ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് പ്രകാരം ശ്രീ. മോഹൻകുമാറിന് 16-11-1995 വരെ മാത്രമേ വില്പന നികുതിയിളവിന് അർഹതയുള്ളൂ. റവന്യൂ വകുപ്പിൽ നിന്നും നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ നികുതിയിളവ് നൽകാൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല. ഈ സാഹചര്യത്തിലാണ് 16-11-1995-നു ശേഷമുള്ള വില്പന നികുതി കുടിശ്ശിക ഈടാക്കുന്നതിന് ശ്രീ. മോഹൻകുമാറിന്റെ പേരിൽ ജപ്തി നടപടി സ്വീകരിക്കാൻ തീരുമാനിച്ചത്.

(ബി) നികുതിയിളവിന്റെ കാലാവധി 17-11-1990 മുതൽ 16-11-1999 വരെയാണെന്ന് റവന്യൂ വകുപ്പിൽ നിന്നും ശ്രീ. മോഹൻകുമാറിനെ അറിയിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല.

(സി) വാണിജ്യ നികുതി വകുപ്പിലെ ഉദ്യോഗസ്ഥർ കേരള പൊതുവില്പന നികുതി നിയമമനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരാണ് നികുതിയിളവ് സംബന്ധിച്ച് സർട്ടിഫിക്കറ്റ് നൽകിയത്. അതനുസരിച്ച് 17-11-1990 മുതൽ 16-11-1995 വരെയാണ് നികുതിയിളവിന്റെ കാലാവധി. റവന്യൂ വകുപ്പിൽ നിന്നും നൽകിയ കത്ത് മാനുവൽ ഓഫ് സെയിൽസ് ടാക്സ് എക്സംപ്ഷനിലെ നിയമപ്രകാരം നൽകിയതല്ലാത്തതിനാൽ നികുതിയിളവ് അനുവദിക്കാൻ കഴിയുകയില്ല ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിൽ അന്വേഷിച്ചപ്പോൾ ഇപ്രകാരം നികുതിയിളവിന്റെ കാലാവധി 16-11-1995-ന് ശേഷം നീട്ടികൊടുത്തിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. ആയതിനാൽ വില്പന നികുതി ഉദ്യോഗസ്ഥരുടെ നടപടികൾ വില്പന നികുതി നിയമ പ്രകാരം സാധുതയുള്ളതാണ്.

സെയിൽസ് ടാക്സ് കോംപ്ലക്സിന്റെ നിർമ്മാണം

16 (4055) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട സെയിൽസ് ടാക്സ് കോംപ്ലക്സിന്റെ നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) സെയിൽസ് ടാക്സ് കോംപ്ലക്സിന് ഭൂമി അക്വയർ ചെയ്യുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(സി) ഇതു സംബന്ധമായി ഹൈക്കോടതിയിൽ ഇപ്പോൾ കേസ് നിലവിലുണ്ടോ ;

(ഡി) ഭൂമി അക്വയർ ചെയ്യുന്നതിന് സർക്കാർ എത്ര തുകയാണ് കെട്ടിവച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേസ് തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(എഫ്) സെയിൽസ് ടാക്സ് കോംപ്ലക്സിന്റെ പണി എപ്പോൾ പൂർത്തിയാക്കാനാവുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സെയിൽസ് ടാക്സ് കോംപ്ലക്സിന്റെ നിർമ്മാണത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ 49 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ പൂർത്തിയാക്കുകയും സ്ഥലമെടുപ്പ് നിയമപ്രകാരം അവാർഡ് പാസ്സാക്കുകയും ചെയ്തെങ്കിലും ഇതിനെതിരെ ശ്രീ. ബിജു രമേഷ് എന്നയാൾ ബഹു. കേരള ഹൈക്കോടതിയിൽ നിന്നും സ്റ്റേ സമ്പാദിച്ചിട്ടുള്ളതിനാൽ നിർദ്ദിഷ്ട സെയിൽസ് ടാക്സ് കോംപ്ലക്സിന്റെ നിർമ്മാണം തുടങ്ങാൻ ഇതുവരെ സാധിച്ചിട്ടില്ല.

(ബി) തിരുവനന്തപുരം താലൂക്കിലെ തൈക്കാട് വില്ലേജിൽപ്പെട്ട 49 സെന്റ് സ്ഥലം വാണിജ്യ നികുതി വകുപ്പിന് ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിനായി കണ്ടെത്തുകയും പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള വിജ്ഞാപനം 17-1-1995-ലെ കേരള ഗസറ്റ് പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഇതിൻ പ്രകാരം സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കി ടി വസ്തു വാണിജ്യ നികുതി വകുപ്പിന് കൈമാറുന്നതിന് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തിട്ടുള്ളതാണ്.

(സി) ഉണ്ട്.

(ഡി) 40 ലക്ഷം രൂപ വാണിജ്യ നികുതി വകുപ്പ് കെട്ടിവച്ചിട്ടുണ്ട്.

(ഇ) കേസ് അടിയന്തിരമായി തീർപ്പ് കൽപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള കേസ് തീർപ്പായാൽ മാത്രമേ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

ട്രഷറി നിയന്ത്രണത്തിൽ നിന്നും കർഷകത്തൊഴിലാളി പെൻഷൻ ഒഴിവാക്കാൻ നടപടി

17 (4056) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകൾ മുഖേന വിതരണം ചെയ്യുന്ന കർഷക തൊഴിലാളി പെൻഷൻ ട്രഷറി നിയന്ത്രണംമൂലം വിതരണം ചെയ്യാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കർഷകത്തൊഴിലാളി പെൻഷൻ ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly